# Deepika

## 27 July 2018

## Cherthala: Cause for Flood is not thannirmukkam



EKM

### വെള്ളപ്പൊക്കത്തിനു കാരണം തണ്ണീർമുക്കംബണ്ട് അല്ലെന്നു മന്ത്രി

**ചേർത്തല:** തണ്ണീർമുക്കം ബണ്ടിന്റെ മൂന്നാംഘട്ട നിർമാണം പൂർത്തിയായിട്ടും മുഖ്യമന്ത്രി ഉദ്ഘാടനത്തിന് എത്താത്തതാണ് കുട്ടനാട്ടിലെ വെള്ളപ്പൊക്കത്തിനു കാരണമെന്ന വാർത്ത അസംബന്ധമെന്നു ജലമന്ത്രി മാത്യു ടി. തോമസ്. നിർമാണം പൂർത്തിയാകാൻ ഇനിയും മാസങ്ങൾ വേണം. പൂർത്തിയാകാത്ത പദ്ധതികൾ ഉദ്ഘാടനംചെയ്യുന്നതു സർക്കാർ രീതിയല്ലെന്നും അദ്ദേഹം പറഞ്ഞു. ബണ്ട് സന്ദർശിച്ച ശേഷം മാധ്യമങ്ങളോടു സംസാരിക്കുകയായിരുന്നു അദ്ദേഹം. പഴയ ബണ്ടിന്റെ 62 ഷട്ടറുകളും മൂന്നു നാവിഗേഷൻ ലോക്കുകളും തുറന്നിട്ടിരിക്കുകയാണ്.

ഇപ്പോൾ പണി നടക്കുന്ന മൂന്നാം ഘട്ടത്തിലെ 28 ഷട്ടറുകൾ പ്രവർത്തനക്ഷമമായിട്ടില്ല. വൈദ്യുതീകരണം ഉൾപ്പെടെ പൂർത്തിയാകാനുണ്ട്. മാത്രമല്ല ഇപ്പോൾ ഗതാഗതം നടക്കുന്ന സമാന്തരമായുള്ള മണൽച്ചിറ നീക്കം ചെയ്താലേ ഈ ഭാഗത്തെ ഷട്ടറുകൾ പ്രവർത്തിപ്പിക്കാനാകൂ.

ചിറ നീക്കുന്നതുമായി ബന്ധപ്പെട്ട തർക്കം തണ്ണീർമുക്കം പഞ്ചായത്തും മറ്റും ഉന്നയിച്ചിട്ടുണ്ട്. മണ്ണിന്റെ അവകാശത്തർക്കമാണ് പഞ്ചായത്ത് ഉയർത്തുന്നത്. നിർമാണക്കരാർ വിശദമായി പരിശോധിച്ചു കളക്ടർ പ്രശ്നം പരിഹരിക്കും. മണൽച്ചിറ പൊളിച്ചു നീക്കുന്ന ജോലിക്കു രണ്ടു മാസമെങ്കിലും ആവശ്യമാണ്. മൂന്നാംഘട്ടത്തിനായി നിർമിച്ച പാലം ഗതാഗതത്തിനു സജ്ജമാണ്. അപ്രോച്ച് റോഡ് നിർമാണം പൂർത്തിയായാൽ പാലം ഗതാഗതത്തിനു തുറക്കും. ഇവിടെയുള്ള നാവിഗേഷൻ ലോക്കിന് അടുത്തുള്ള മണൽച്ചിറ സുരക്ഷ ഉറപ്പാക്കി ഭാഗികമായി നീക്കംചെയ്യാൻ ഉദ്യോഗസ്ഥർക്കു നിർദേശം നൽകി. ബണ്ടിന്റെ ഇരുഭാഗങ്ങളിലെയും ജലനിരപ്പ് തുല്യമാണെന്ന് ഉപകരണങ്ങളുടെ സഹായത്തോടെ സ്ഥിരീകരിച്ചിട്ടുണ്ട്. ഇതോടെ വെള്ളപ്പൊക്കത്തിനു കാരണം ബണ്ടാണെന്ന പ്രചാരണം തെറ്റെന്നു വ്യക്തമായി. ബണ്ടിന്റെ തെക്കുഭാഗത്തു ജലനിരപ്പ് ഉയർന്നതാണെങ്കിലേ ഈ വാദത്തിനു പ്രസക്തിയുള്ളൂ. പദ്ധതി പൂർത്തിയായാൽ ഒട്ടും വൈകാതെ ഉദ്ഘാടനം നടത്തുമെന്നും മന്ത്രി പറഞ്ഞു. ജലവകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരും ജനപ്രതിനിധികളും മന്ത്രിയോടൊപ്പം ഉണ്ടായിരുന്നു.